**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 548** **09-06-2021 - ൽ മറുപടിയ്ക്ക്**

**അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാംസ് സൊസൈറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് | | Shri K. Radhakrishnan (പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാംസ് സൊസൈറ്റി (എ.സി.എഫ്.എസ്.) യുടെ കൈവശമുള്ള വരടിമല ഫാമിൽ 1970 കളിൽ എത്ര ആദിവാസി കുടുംബങ്ങളെയാണ് പുനരധിവസിപ്പിച്ചത്; എന്തെല്ലാം സൗകര്യങ്ങളാണ് ഇവർക്ക് വേണ്ടി ഒരുക്കിയിരിക്കുന്നത്; എത്ര വീട്ടുകൾ നിർമ്മിച്ചെന്നും പുനരധിവാസത്തിനായി എത്ര തുക ചെലവഴിച്ചെന്നും വിശദമാക്കാമോ; | (എ) | സംഘം പ്രവർത്തനമാരംഭിച്ചത് 1975-ലാണ്. 120 കുടുംബങ്ങളെയാണ് വരടിമല ഫാമിൽ പുനരധിവസിപ്പിച്ചത്. അന്ന് ഇവർക്ക് വീട്, തൊഴിൽ, ഇവരുടെ കുട്ടികൾക്ക് വേണ്ടി നഴ്സറി സ്കൂൾ, ചിണ്ടക്കിയിൽ ആശുപത്രി തുടങ്ങിയ സൗകര്യങ്ങൾ ഉണ്ടായിരുന്നു. മേൽപറഞ്ഞ പ്രകാരം 120 കുടുംബങ്ങൾക്ക് 120 വീട്ടുകൾ പണിതിട്ടുണ്ടായിരുന്നു. വരടിമല ഉൾപ്പെടെ സംഘത്തിന്റെ കീഴിലുള്ള എല്ലാ ഫാമുകളിലും കൂടി പുനരധിവാസത്തിനായി ചെലവഴിച്ച തുകയിനത്തിൽ, 50,90,828/- രൂപ സംഘത്തിന്റെ കീഴിലുള്ള എല്ലാ ഫാമുകളുടെയും പ്രവർത്തനത്തിനുള്ള വർക്കിംഗ് മൂലധനമായും കൂടാതെ പാലക്കാട് ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നുമുള്ള 5,99,962.95 രൂപയും ആണ് പുനരധിവാസ സമയത്ത് ചെലവാക്കിയ തുക. |
| (ബി) | വരടിമല ഫാമിൽ എത്ര ഏക്കറിൽ എന്തെല്ലാം കൃഷികളാണ് ചെയ്യുന്നത്; അറിയിക്കാമോ; | (ബി) | സംഘത്തിന് സർക്കാരിൽ നിന്നും അനുവദിച്ച ലഭ്യമായ 290 ഹെക്ടർ സ്ഥലത്ത് 72 ഹെക്ടർ സ്ഥലം ഏലം കൃഷിയും 30 ഹെക്ടർ സ്ഥലത്ത് കാപ്പി കൃഷിയും ചെയ്തുവരുന്നു. |
| (സി) | നിലവിൽ എത്ര കുടുംബങ്ങൾ ഇവിടെ സ്ഥിര താമസമുണ്ടെന്ന് അറിയിക്കാമോ; | (സി) | നിലവിൽ വരടിമല ഫാമിൽ കുടുംബങ്ങൾ ആരും സ്ഥിര താമസം ഇല്ല. |
| (ഡി) | ഫാമിന്റെ തകർച്ച സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ഡി) | സംഘം തകർച്ചയിൽ ആയിട്ടില്ല. |
| (ഇ) | വരടിമല പുനരധിവാസ കേന്ദ്രത്തിലെ എത്ര ഏക്കർ ഭൂമിയാണ് പാട്ടത്തിന് നൽകാൻ ഒറ്റപ്പാലം സബ് കളക്ടർ കരാർ ഒപ്പിട്ടത്; നിയമവിധേയമായാണോ കരാർ ഒപ്പിട്ടത്; ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ഇ) | വരടിമല ഫാമിൽ, സംഘത്തിന്റെ മാനേജിംഗ് ഡയറക്ടറായ സബ് കളക്ടർ ആർക്കും സ്ഥലം നൽകിയിട്ടില്ല. കൃഷിയ്ക്ക് ദോഷം വരാത്ത രീതിയിൽ സംഘത്തിന്റെ മേൽനോട്ടത്തിൽ ഫാമുകളിൽ ഫാം ടൂറിസം പദ്ധതി നടത്താൻ ജനറൽ ബോഡിയുടെ |

| | | | |
|---|---|---|---|
| | | | അംഗീകാരത്തോടെയാണ് സംഘം മാനേജിംഗ് ഡയറക്ടർ കരാറിൽ ഒപ്പിട്ടത്. |

സെക്ഷൻ ഓഫീസർ